## 85. തോന്ന്യാമല സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

മലയോര ജില്ലയായ പത്തനംതിട്ടയുടെ ഹൃദയഭാഗത്തുനിന്നും അഞ്ചു കിലോമീറ്റർ വടക്കുപടിഞ്ഞാറായി ചെറിയ കുന്നുകളാൽ ചുറ്റപ്പെട്ട് പ്രകൃതിരമണീയമായ ഗ്രാമം. തോണിയുടെ ആകൃതിയിലുള്ള മലകൾ - തോന്ന്യാമല. കിഴക്ക് അച്ചൻകോവിലാറും പടിഞ്ഞാറ് പുണ്യനദിയായ പമ്പയും വടക്ക് പ്രസിദ്ധമായ കടമ്മനിട്ടയും തെക്ക് പുരാതനമായ കൊട്ടതട്ടിമലയും ഈ പ്രദേശത്തിന്റെ രമണീയതയ്ക്ക് മാറ്റു കൂട്ടുന്നു. തീർത്ഥാടന ക്രേന്ദങ്ങളായ നിലയ്ക്കൽ, ശബരിമല, പരുമല, മാരാമൺ ഇവയുടെ സാമീപ്യം തോന്ന്യാമലയിലെ ജനങ്ങളെ വിശ്വാസത്തിന്റെ പടവുകളിൽ മുൻനിരക്കാരാകാകുന്നു. ഇരുനൂറ് വർഷങ്ങൾക്ക് മുമ്പ് പുന്നയ്ക്കാട്, പ്രക്കാനം, ഊട്ടുപാറ, കല്ലേലി എന്നീ സ്ഥലങ്ങളിൽനിന്നും കൃഷിക്കാരായ പൂർവ്വികർ ഇവിടെ വെട്ടിത്തെളിച്ച് തങ്ങളുടെ വാസസ്ഥലമാക്കി.

1938 - ൽ തോന്ന്യാമലയിൽ നിന്നും നെടുംചേരിൽ ഗീവർഗ്ഗീസിന്റെ നേതൃത്വത്തിൽ ഗീവർഗ്ഗീസ് മടുക്കാനാക്കുഴിയിൽ, ചെറുകുന്നത്ത് ഇടിച്ചാണ്ടി, പാറപ്പാട്ട് ഉമ്മൻ ഏബ്രഹാം എന്നിവർ കടമ്മനിട്ട അച്ചനെ സമീപിച്ച് ഇവിടെ ഒരു പള്ളി സ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ചു. ദേവാലയ നിർമ്മാണത്തിനു വേണ്ടി നെടുംചേരിൽ ഗീവർഗ്ഗീസ് 50 സെന്റ് സ്ഥലം തിരുവനന്തപുരം ആർച്ച ബിഷപ്പ് മാർ ഇവാനിയോസ് തിരുമേനിക്കു പേരിൽ നൽകി. എന്നാൽ ദേവാലയ നിർമ്മാണം നടന്നില്ല.

നാരങ്ങാനം കത്തോലിക്കാപള്ളിയിൽ ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി വന്ന അവസരത്തിൽ ബഹുമാനപ്പെട്ട ഇടിക്കുള അച്ചന്റെ നേതൃത്വത്തിൽ നെടുംചേരിൽ ഗീവർഗ്ഗീസ്, മകൻ കോശി വർഗ്ഗീസ്, മരോട്ടിമുട്ടിൽ പാപ്പി, ആശാരിത്ത് മാത്യു എന്നിവർ ഒരു കത്തോലിക്കാ ദേവാലയം പണിയുന്നതിന് അനുവാദം നൽകണമെന്ന് അപേക്ഷിച്ചു. അഭിവന്ദ്യ പിതാവ് അപ്പോൾതന്നെ അനുവാദം നൽകി. പ്രാരംഭമായി ഒരു ചാപ്പൽ പണിയുന്നതിന് 200 രൂപയും നൽകി.

1956 ജനുവരി മാസം 3 - ാം തീയതി വന്ദ്യ ഇടിക്കുള അച്ചൻ ചാപ്പലിന് ശിലാസ്ഥാപനം നടത്തുകയും നാനാജാതിമതസ്ഥരുടെ സഹകരണത്തോടുകൂടി പണി ആരംഭിക്കുകയും ചെയ്തു. തുടർന്ന് വികാരിയായ റവ. ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ അച്ചന്റെ നേതൃത്വത്തിൽ 1956 ജൂൺ മാസത്തോടുകൂടി ചാപ്പലിന്റെ പണി പൂർത്തിയായി. ജൂൺ മാസം 29 - ാം തീയതി തിരുവനന്തപുരം ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി പരിശുദ്ധ ദൈവമാതാവിന്റെ തിരുനാമത്തിൽ ചാപ്പൽ കൂദാശ ചെയ്തു. ആരംഭത്തിൽ 19 ഭവനങ്ങളോടുകൂടി തുടങ്ങിയ ദേവാലയത്തിൽ ഇപ്പോൾ 63 ഭവനങ്ങളുണ്ട്.

ഇപ്പോൾ വെരി റവ. ഫാദർ ജോസ് ചാമക്കാലായിൽ കോർ എപ്പിസ്കോപ്പാ വികാരിയായും ഫാ. തോമസ് അറപ്പുരയ്ക്കൽ സഹവികാരിയായും സേവനം അനുഷ്ഠിച്ചുവരുന്നു. മുൻ വികാരിമാരായി റവ. ഫാ. ഇടിക്കുള പാണ്ടിയത്ത് (1956), ഫാ. കെ.പി. ഗീവർഗ്ഗീസ് കുറ്റിയിൽ (1956 - 61), റവ. ഫാ. ജേക്കബ് ജോൺ (1960 - 64), റവ.ഫാ. ദാനിയേൽ വടക്കേക്കര (1964 - 70), റവ. ഫാ. സാമുവൽ തൈക്കൂട്ടത്തിൽ (1970 - 71), റവ.ഫാ. ജോഷ്വാ പീടികയിൽ (1971 - 77), റവ. ഫാ. മാത്യു വാഴപ്പിള്ളേത്ത് (1977 - 78), റവ. ഫാ.തോമസ് പടയാനിക്കൽ (1978 - 79), റവ. ഫാ. ജോസഫ് തടത്തിൽ (1879 - 86), റവ. ഫാ. മാത്യു കയ്യാലയ്ക്കൽ (1986 - 89), റവ. ഫാ. ചാക്കോ തടത്തിൽ (1989 - 96), റവ. ഫാ. അലക്സാണ്ടർ കോയിക്കലേത്ത് (1996 - 2000), റവ. ഫാ. മാത്യു പള്ളത്തുമുറിയിൽ (2000 - 2004), റവ. ഫാ.യോഹന്നാൻ മുളമൂട്ടിൽ (2005 - 2006), റവ. ഫാ. മാത്യൂസ് ആലുംമൂട്ടിൽ (2005 - 2006), റവ.ഫാ. സിൻവസ്റ്റർ തെക്കേടത്ത് (2006), റവ. ഫാ. എബ്രഹാം വാവോലി മേപ്പുറത്ത് (2006 - 2010), ഫാ. ജോയ്സി പുതുപ്പറമ്പിൽ (2011 - 2012), ഫാ. സ്കറിയാ പതാലിൽ (2013 - 2014), ഫാ. ജോർജ്ജ് വർഗ്ഗീസ് പുതുപ്പറമ്പിൽ (2014 - 2017), ഫാ. മാത്യു പടയാനിക്കൽ (2018 - 2019), ഫാ.സിബി ഒറ്റക്കല്ലിൽ (2019 - 2021) എന്നിവർ മുൻവികാരിമാരായും സേവനമനുഷ്ഠിച്ചു.

ദൈവാലയത്തിനോടു ചേർന്ന ഒന്നു മുതൽ ഏഴ് വരെ ക്ലാസ്സുകളോടുകൂടി അപ്പർ പ്രൈമറി സ്കൂളും പ്രവർത്തിച്ചുവരുന്നു.

ഇടവകയിൽനിന്നുള്ള വൈദികരായ റവ. ഫാ. ജോൺ നെടുംചേരിയിൽ, റവ.ഫാ. ഏബ്രഹാം അയ്യാന്തിയിൽ ഒ.ഐ.സി. എന്നീ ബഹുമാനപ്പെട്ട വൈദികർ അമേരിക്കയിൽ ശുശ്രൂഷ ചെയ്തുവരുന്നു. മൂന്നാമത്തെ ദൈവവിളി ശ്രവിച്ച ലിജോ തോമസ് തേമ്പാവിൻകൂട്ടത്തിൽ റീജന്റായും വൈദികപഠനം നടത്തിവരുന്നു.

2017 ൽ ഒരു പുതിയ ദൈവാലയം നിർമ്മിക്കണമെന്ന ചിന്തയോടുകുടി ഫാ. തോമസ് മലഞ്ചരിവിൽ ചെയർമാനായും ശ്രീ. കോശി കൊച്ചുകോശി ജനറൽ കൺവീനറായും ശ്രീ. ജെയിംസ് തുണ്ടിയിൽ ഫൈനാൻസ് കമ്മിറ്റി കൺവീനറായും നിർമ്മാണ കമ്മറ്റി രൂപീകരിക്കുകയും 2017 സെപ്റ്റംബർ 8-ാം തീയതി പത്തനംതിട്ട രൂപതാ പ്രഥമ മെത്രാൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി ദൈവാലയത്തിന് ശിലാസ്ഥാപനം നടത്തുകയും 2020 ഡിസംബർ 26-ാം തീയതി പുതിയ ദൈവാലയം പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ പത്തനംതിട്ട രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയുടെയും രൂപതാ പ്രഥമ മെത്രാൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെയും കാർമ്മികത്വത്തിൽ കൂദാശ ചെയ്യുകയും ചെയ്തു.

ഇടവകയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ പരിശുദ്ധ ദൈവമാതാവിന്റെ തിരുനാൾ എല്ലാ വർഷവും സെപ്റ്റംബർ 1 മുതൽ 8 വരെ ഭക്ത്യാദരപൂർവ്വം നടത്തിവരുന്നു. ഇടവകയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാ മറിയം വഴി സർവ്വശക്തനായ ദൈവത്തിന് നന്ദിയർപ്പിച്ചുകൊണ്ട് ചരിത്രം പൂർണ്ണമാക്കുന്നു.